ശ്രീ. കെ. കുഞ്ഞമ്പു: ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനു ശേഷം അലോട്ടുചെയ്തുകൊടുത്തിട്ടുള്ള വീടുകളല്ല ഇവ. ഇതിനു മുമ്പിരുന്ന ഗവണ്മെന്റു 50 രൂപ വച്ചു ധനസഹായം ചെയ്തിട്ടുള്ള വീടുകളാണിവ. ഇതേപ്പറ്റി അന്വേഷിക്കാം. അനേകം വീടുകളും മലയോരപ്രദേശത്തുള്ളവയായതുകൊണ്ടു് ടൈബ്യൂസിനു കൊടുക്കുന്ന വീടുകൾക്കു ആയിരം രൂപ മതിയാകുകയില്ല എന്നു മനസ്സിലാക്കി ഈ സംഖ്യ വർദ്ധിപ്പിച്ചുകൊടുക്കുവാൻ ആലോചിക്കുന്നുണ്ടു്.

ശ്രീ. വി. പി. സി. തങ്ങൾ: ഈ തുക മതിയാകാതെ വരുന്നതുകൊണ്ടു വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. എന്നാൽ ഇതു തന്നെയും ലഭിക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെന്റു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? പാലക്കാട്ടു ജില്ലയിൽ പലയിടത്തും ഈ തുക കിട്ടാതെ പോകുന്നുണ്ടു്.

ശ്രീ. കെ. കുഞ്ഞമ്പു: പാലക്കാട്ടു ജില്ലയിൽ ഓരോ കൊല്ലവും അലോട്ടു ചെയ്യുന്നുണ്ടു്. കഴിഞ്ഞകൊല്ലം 50 വീടുകൾ അലോട്ടു ചെയ്തുകഴിഞ്ഞിട്ടുണ്ടു്. 20 വീടുകൾ ടൈബ്യൂസിനു് വിട്ടുകൊടുത്തിട്ടുണ്ടു്. താലൂക്കടിസ്ഥാനത്തിൽ അഡൈ്വസറി കമ്മിറ്റി ജനസംഖ്യാനുപാതികമായി തീരുമാനിക്കുന്നതിൽ ഏതെങ്കിലും പ്രത്യേകമായി കിട്ടാതിരിക്കുന്നുവെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: നിശ്ചിത കാലയളവിനുള്ളിൽ പണി തീർക്കാത്തതായ കെട്ടിടങ്ങളുടെ പണി പിന്നീടു് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റു ഹാജരാക്കുകയാണെങ്കിൽ ഈ പണം കൊടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: 1961—62—ൽ മൂന്നു ഇൻസ്റ്റാൾമെന്റു വാങ്ങി കെട്ടിടം പൂർത്തിയാക്കിയിട്ടു താമസിക്കുകയും പിന്നീടു് കംപ്ലീഷൻ സർട്ടിഫിക്കറ്റു കൊണ്ടുതരികയും ചെയ്യുവർക്കു് ബാക്കിതുക കൊടുത്തിട്ടുണ്ടു്. അതുപോലെ ഏതെങ്കിലും കാലഘട്ടങ്ങളിലെ തുക പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റു വാങ്ങിക്കൊണ്ടു വരികയാണെങ്കിൽ തിരിയെ തരുന്നതിനു് ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

സി. കെ. ബാലകൃഷ്ണൻ: പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റു കിട്ടുന്നതിനു കാലതാമസം വരുന്നു എന്നുള്ളതിനെ പരിഗണിച്ചു ഓരോ പഞ്ചായത്തിലേയും ബ്ലോക്കുകളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു ഇങ്ങനെ സർട്ടിഫിക്കറ്റു് നൽകാനുള്ള അധികാരം നൽകുമോ?

ശ്രീ. കെ. കുഞ്ഞമ്പു: വീടുകൾ പൂർത്തിയാകാതെ കംപ്ലീഷൻ സർട്ടിഫിക്കറ്റു തരാൻ സാധിക്കുകയില്ല. സാധാരണ നടന്നു വരുന്നതു 900 രൂപകൊണ്ടു വീടു പൂർത്തിയാക്കും, ബാക്കി ചില ചില്ലറ ജോലികൾ ഒന്നും ചെയ്യാതെ അവർ കയറി താമസിക്കുകയാണു് ചെയ്യുന്നതു്. വീടു പൂർത്തിയായിട്ടും കംപ്ലീഷൻ സർട്ടിഫിക്കറ്റു കൊടുക്കുന്നതിൽ ഇഞ്ചിനീയർമാർ വൈമനസ്യം കാണിക്കുന്നുവെങ്കിൽ തക്കതായ നടപടി സ്വീകരിക്കാം. ബ്ലോക്കിലെ ഉദ്യോഗസ്ഥന്മാരെ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോയെന്നു പരിശോധിക്കാം.

കേരള പബ്ലിക്കു് സർവ്വീസു് കമ്മിഷൻ

* 657. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്കു് സർവ്വീസു് കമ്മിഷനിൽ ആകെയുള്ള അംഗങ്ങൾ എത്ര;

(ബി) ഇവരുടെ ഓരോരുത്തരുടേയും കാലാവധി എന്നുവരെയാണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്തുവരുന്ന ഒഴിവിൽ ഒരു ഹരിജനെ നിയമിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കാൻ ഭയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) അഞ്ചു്, ചെയർമാൻ ഉൾപ്പെടെ.

(ബി) 1. ശ്രീ. വി. മരിയാർപ്പുതം ചെയർമാൻ, 29-3-1967.
2. ശ്രീ. പി. ടി. ഭാസ്കരപ്പണിക്കർ, മെമ്പർ, 6-4-1965.
3. ശ്രീ. സി. ഒ. റാറി. കുഞ്ഞിപ്പക്കി, മെമ്പർ, 6-4-1965.
4. ശ്രീ. പി. കേശവൻ, മെമ്പർ, 8-3-1964.
5. ശ്രീ. എ. പി. ഉദയഭാനു, മെമ്പർ, 31-1-1969.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ശ്രീ. പി. കേശവൻ പെൻഷൻ പറ്റി പോയ ഒഴിവു് എത്ര കാലത്തിനിടയ്ക്കു് ഫില്ലപ്പു് ചെയ്യും?

ശ്രീ. ആർ. ശങ്കർ: എപ്പോൾ ഫില്ലപ്പു് ചെയ്യാൻ കഴിയുമെന്നു ഇപ്പോൾ വ്യക്തമായി പറയുവാൻ സാധിക്കുകയില്ല. ചിലപ്പോൾ കാലതാമസം വന്നേയ്ക്കും.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ അഞ്ചു മെമ്പറന്മാർ ഉള്ളതിൽ ഒരു നായർ, ഒരു ഈഴവൻ, ഒരു മുസ്ലീം, ഒരു ക്രിസ്ത്യാനി ഇങ്ങനെ ഓരോ സമുദായത്തിലുള്ളവർക്കു മെമ്പർസ്ഥാനം കൊടുക്കുകയും ഒരു റൊട്ടേഷൻ വ്യവസ്ഥയിൽ ഓരോരുത്തർക്കും ചെയർമാന്മാരായി വരികയും ചെയ്യാനുള്ള വ്യവസ്ഥ ഗവണ്മെൻറു സ്വീകരിക്കുമോ; അതിനു വേണ്ട ഏർപ്പാടുകളും ചെയ്യുമോ?

ശ്രീ. ആർ ശങ്കർ: അങ്ങനെ ഏർപ്പാടു ചെയ്യണമെന്നു ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. പി. സി. ആദിച്ചൻ: ശ്രീ. പി. കേശവന്റെ ഒഴിവിൽ ഈ മുഖ്യമന്ത്രിയുടെ കാലത്തുതന്നെ ഒരു ഹരിജനെ മെമ്പറായി നിയമിച്ചു കാണാനുള്ള സൗഭാഗ്യം ഞങ്ങൾക്കു പ്രതീക്ഷിക്കാമോ?

ശ്രീ. ആർ. ശങ്കർ: ആ സൗഭാഗ്യത്തെപ്പറ്റി എനിക്കു ഇപ്പോൾ യാതൊന്നും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ കുഞ്ഞച്ചൻ: ഈ അഞ്ചു മെമ്പറന്മാരെ തെരഞ്ഞെടുത്ത അവസരത്തിൽ ഒരാളെയെങ്കിലും ഹരിജനങ്ങളിൽനിന്നും തെരഞ്ഞെടുക്കാതിരുന്നതു ശരിയായില്ല എന്നുള്ള അഭിപ്രായം അഖിലേന്ത്യാ കോൺഗ്രസ് പ്രസിഡൻറു് പുറപ്പെടുവിച്ചിട്ടുണ്ടു്. അന്നു മരിച്ചിരുന്ന ഗവണ്മെൻറിനെതിരായ ഒരു ചാർജായിതന്നെ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ആ കാര്യം ഇപ്പോഴെങ്കിലും പരിഗണിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ ചാർജ്ജു് ഉന്നയിച്ചതായി എനിക്കറിവില്ല.

മദ്യനിരോധന ലംഘന കേസുകൾ

* 658. [3] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലും, കണ്ണൂർ ജില്ലയിലും മദ്യനിരോധന ലംഘനത്തിനു എത്ര കേസുകൾ 1963 ഡിസംബറിൽ എടുത്തിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേർ സർക്കാർ ഉദ്യോഗസ്ഥന്മാരായിട്ടുണ്ടു്;

(സി) എത്ര പോലീസുദ്യോഗസ്ഥന്മാരുടെ പേരിൽ മദ്യനിരോധന നിയമം ലംഘിച്ചതിനു് കേസുകൾ എടുത്തു?

LIBRARY ARCHIVES Kerala Legislative Assembly